(സി) ടി ഏജൻസിയിൽ ഉൾപ്പെട്ടുത്തിയ പഞ്ചായത്തുകൾക്ക് താഴെപ്പറയുന്ന തരത്തിലുള്ള വികസന പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നു.

1. ചെറിയ അരുവികളിൽ ചെക്ക്ഡാം നിർമ്മാണം

2. പരിസ്ഥിതി സൗഹൃദ കടിവെള്ള പദ്ധതികൾ

3. ഗ്രാമീണ മലയോര റോഡുകളുടെ പുനരുദ്ധാരണം

4. സ്വയം സഹായ സംഘങ്ങൾക്ക് സ്വയം തൊഴിൽ പദ്ധതികൾ

5. പഴം പച്ചക്കറി വികസന പദ്ധതികൾ

6. സമഗ്ര കൃഷി വികസനത്തിനുള്ള പ്രത്യേക പ്രോജക്ടുകൾ(2014 -15-ൽ മാത്രം)

7. കളങ്ങളുടെ നവീകരണം

8. പരിസ്ഥിതി വിഭവ പരിപാലന പ്രവൃത്തികൾ

9. നബാർഡിന്റെ ഫണ്ട് വിനിയോഗിച്ചുള്ള (ആർ.ഐ. ഡി. എഫ്.) പ്രവൃത്തികൾ.

(ഡി) ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസിയുടെ പ്രവർത്തന പരിധിയിൽ വരുന്ന 561 ഗ്രാമപഞ്ചായത്തുകളിൽ കല്യാശ്ശേരി മണ്ഡലത്തിലെ തളിപ്പറമ്പ ബ്ലോക്കിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്ത് ഉൾപ്പെട്ടിട്ടില്ല. അതിനാൽ പ്രസ്തുത ഗ്രാമപഞ്ചായത്തിനെ നിലവിൽ ഹാഡ പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിക്കുകയില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിച്ചെലവിന്റെ മാനദണ്ഡങ്ങളിൽ മാറ്റം

42 (1440) ശ്രീ. എ. പ്രദീപ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിച്ചെലവിന്റെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിരുന്നുവോ ;

(ബി) ഇതനുസരിച്ച് ഉദ്പാദന മേഖല, അടിസ്ഥാന സൗകര്യ വികസന മേഖല, സേവന മേഖല എന്നിവയിൽ ചെലവാക്കേണ്ടുന്ന തുക സംബന്ധിച്ച മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റം എന്താണ് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിൽ ഉല്പാദന മേഖലയ്ക്കായി 2012-13, 2013-14 എന്നീ വർഷങ്ങളിൽ നീക്കിവച്ച തുക എത്രയാണ്; എത്ര ചെലവഴിച്ചു;

(ഡി) 2014-15 വർഷത്തിൽ ഏറ്റവും അവസാനം ലഭിച്ച കണക്ക് പ്രകാരം ഉദ്പാദന മേഖലയ്ക്ക് നീക്കിവച്ച തുകയിൽ എന്ത് തുക ചെലവഴിച്ചു ; ഇത് ആകെ തുകയുടെ എത്ര ശതമാനം വരും ?

ഉത്തരം

(എ) മാറ്റം വരുത്തിയിട്ടുണ്ട്.

(ബി) 16-11-2013-ലെ സ.ഉ (എംഎസ്.) നമ്പർ 362/13/തസ്വഭവ നമ്പരായി പുറപ്പെടുവിച്ചിട്ടുള്ള പദ്ധതി മാർഗ്ഗരേഖ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗത്തിൽ കൂടുതൽ സ്വാതന്ത്ര്യം അനുവദിച്ചുകൊണ്ട് ഗ്രാമ പഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും പൊതുവിഭാഗം വികസന ഫണ്ടിന്റെ (അതായത് പൊതു വിഭാഗം, 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ) 45 ശതമാനത്തിൽ അധികരിക്കാത്ത തുക പശ്ചാത്തല മേഖലയ്ക്കായി നീക്കിവയ്ക്കേണ്ടതാണെന്ന് നിജപ്പെടുത്തിയിട്ടുണ്ട്. മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ഇത് 55 ശതമാനവും ജില്ലാ പഞ്ചായത്തിന് 50 ശതമാനവും ആയിരിക്കും. ലോകബാങ്ക് ധനസഹായം ഒഴികെയുള്ള വികസന ഫണ്ടിൽനിന്നും വനിതാ ഘടക പദ്ധതിക്ക് 10 ശതമാനം തുകയും കുട്ടികൾ, വൃദ്ധർ, ഭിന്നശേഷിയുള്ളവർ, പാലിയേറ്റീവ് കെയർ രോഗികൾ എന്നിവർക്കുവേണ്ടി 5 ശതമാനം തുകയും നീക്കിവയ്ക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു :

വർഷം	നീക്കിവച്ച തുക	ചെലവഴിച്ച തുക
2012-13	3634970159	2420671437
2013-14	4405373637	3245166461

(ഡി)വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു :

വർഷം	നീക്കിവച്ച തുക	ചെലവഴിച്ച തുക
2014-15	5151706984	2037838746

LIBRARY ARCHIVES Kerala Legislative Assembly